"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- ജീവനക്കാര്യം- ശ്രീ. അബ്ദുൽ സലീം. എം (PEN-439463) എന്നവരുടെ എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലെ നിരീക്ഷണകാലം ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യുബി) വകുപ്പ്**

സ.ഉ.(സാധാ) നം.854/2026/LSGD തീയതി,തിരുവനന്തപുരം, 04-04-2026

---

പരാമർശം:-

1. 11.07.2022-ലെ സ.ഉ(സാധാ) നം. 1647/2022/LSGD
2. 30.11.2022 -ലെ സ.ഉ.(സാധാ) നം. 262/2022/തസ്വഭവ.
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 14.03.2025 തീയതിയിലെ LSGD/PD/7511/2024-DEH2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തദ്ദേശ സ്വയംഭരണ വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ, ശ്രീ. അബ്ദുൽ സലീം. എം എന്നവരുടെ നിരീക്ഷണകാലം പൂർത്തീകരിച്ചതായി പ്രഖ്യാപിക്കുന്നതിനായി പരാമർശം (3) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ പ്രപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. കില പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ശ്രീ. അബ്ദുൽ സലീം. എം പരാമർശം (1) പ്രകാരം ഉദ്യോഗക്കയറ്റം മുഖേന എക്സിക്യൂട്ടീവ് എഞ്ചിനിയർ തസ്തികയിൽ 13.07.2022 പൂർവാഹ്നം തീയതിയിൽ സേവനത്തിൽ പ്രവേശിച്ചു. ടിയാൻ നിരീക്ഷണ കാലയളവിൽ 16 ദിവസത്തെ അവധി ഉപയോഗപ്പെടുത്തിയിട്ടുള്ളതായി (Prefix, Suffix ഉൾപ്പെടെ) അക്കൗണ്ടന്റ് ജനറൽ അറിയിച്ചിട്ടുണ്ട്.

കോഴിക്കോട് ജില്ലയിലെ ഫറോക്ക് ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറായി ജോലി നോക്കവേ അനധികൃതമായി കെട്ടിട നിർമാണ അനുമതിക്ക് ശുപാർശ ചെയ്തതുമായി ബന്ധപ്പെട്ട വി.സി.-18/2016/കെ.കെ.ഡി. കേസിൽ കുറ്റാരോപിതനായ ശ്രീ. അബ്ദുൾ സലീം എം. നെ വിജിലൻസ് കോടതി മുൻപാകെ വിചാരണ ചെയ്യുന്നതിന് പരാമർശം (2) പ്രകാരം അനുമതി നൽകിയിട്ടുള്ളതും, അച്ചടക്ക നടപടി സ്വീകരിച്ചു വരികയുമാണ്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലെ പ്രൊബേഷൻ കാലയളവിൽ ആരംഭിച്ച അച്ചടക്ക നടപടികൾ പൂർത്തീകരിക്കുന്നതിനു മുൻപ് ശ്രീ. അബ്ദുൽ സലീം. എം (PEN-439463) എന്നവരുടെ പ്രൊബേഷൻ തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിക്കുവാൻ സാധ്യമല്ലാത്തതിനാലും ടിയാന്റെ പേരിൽ കുറ്റവിചാരണ അനുമതി നൽകിയിട്ടുള്ളതിനാലും, ടിയാളുടെ എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലെ നിരീക്ഷണ കാലയളവ്, 1958-ലെ കെ.എസ്&എസ്.എസ്.ആർ ഭാഗം II, ചട്ടം 21 പ്രകാരം, 13.01.2023 മുതൽ 12.01.2027 വരെ ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

DIPUKUMAR S L

അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ബന്ധപ്പെട്ട ഉദ്യോഗസ്ഥന് (ത.സ്വ.ഭ.വ പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം

എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Keerthi I P
Date: 04-04-2026 12:39:37

സെക്ഷൻ ഓഫീസർ